"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കോട്ടയം DHQ ക്യാമ്പിലെ CPO K 8645 ശ്രീ.സജിത്ത് കുമാർ മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി) വകുപ്പ്**

സ.ഉ.(സാധാ) നം.1923/2026/HOME തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-
1. 24/08/2017-ലെ സ.ഉ(പി) നം.112/2017/ധനം
2. സംസ്ഥാന പോലീസ് മേധാവിയുടെ 16/04/2026-ലെ ഇ5-57011/2026/PHQ നം.കത്ത്

**ഉത്തരവ്**

കോട്ടയം DHQ ക്യാമ്പിലെ CPO K 8645 ശ്രീ.സജിത്ത് കുമാർ 06/11/2025-ന് ഡ്യൂട്ടിക്കായി സ്റ്റേഷനിലേക്ക് വരുന്ന വഴി വാഹനാപകടമുണ്ടായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 06/11/2025 മുതൽ 01/03/2026 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്നഭ്യർത്ഥിക്കുകയും, ആയത് സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.സജിത്ത് കുമാറിന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് ജില്ലാ പോലീസ് മേധാവി,കോട്ടയം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 02/03/2026-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ലീവ് റോൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നുമുണ്ട്.ഈ സാഹചര്യത്തിൽ കോട്ടയം DHQ ക്യാമ്പിലെ CPO K 8645 ശ്രീ.സജിത്ത് കുമാറിന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 06/11/2025 മുതൽ 01/03/2026 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സംഗീത ടി എസ്
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.സജിത്ത് കുമാർ,CPO K 8645,DHQ,കോട്ടയം(സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sini George

സെക്ഷൻ ഓഫീസർ

Date: 03-06-2026 16:32:16